mail & upload in Website

## കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്:- പ്രിൻസിപ്പാൾമാർക്കും, ഐ.ക്യൂ.എ.സി കോ - ഓർഡിനേറ്റർമാർക്കും യു.ജി.സി - 6-ാം സ്കീം പ്രകാരമുള്ള പ്ലേയ്സ്മെന്റ്/പ്രൊമോഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ട്രെയിനിംഗ് പ്രോഗ്രാം ജീവനക്കാരെ നിയോഗിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നം. യു.ജി.സി. സെൽ2/29964/2016/കോ.വി.വ തീയതി 14/02/2019

---

പരാമർശം;- 1) ജി.ഒ (എം.എസ്) നം.28/2019/ഉ.വി.വ തീയതി 11/02/2019
2) 13/02/2019 ബഹുമാനപ്പെട്ട ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ്.

### ഉത്തരവ്

കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപകർക്ക് യു.ജി.സി 6 - ാം സ്കീം പ്രകാരമുള്ള പ്ലേയ്സ്മെന്റ്/പ്രൊമോഷൻ നല്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ടി പ്ലേയ്സ്മെന്റ്/പ്രൊമോഷൻ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി എല്ലാ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർക്കും, ഐ.ക്യൂ.എ.സി കോ - ഓർഡിനേറ്റർമാർക്കും ഒരു പരിശീലന പരിപാടി നടത്താൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് ജില്ലകളിലെ സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകളിലെ പ്രിൻസിപ്പാൾമാരെയും, ഐ.ക്യൂ.എ.സി കോ - ഓർഡിനേറ്റർമാരെയും 25/02/2019 - നും പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ കോളേജുകളിലെ (ഫിസിക്കൽ എഡ്യൂക്കേഷൻ, മ്യൂസിക് ഒഴികെ) പ്രിൻസിപ്പാൾമാരെയും, ഐ.ക്യൂ.എ.സി കോ - ഓർഡിനേറ്റർമാരെയും 26/02/2019 - നും തിരുവനന്തപുരം സർക്കാർ ട്രെയിനിംഗ് കോളേജിൽ വച്ച് നടത്തുന്ന പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിന് നിയോഗിച്ച് ഉത്തരവാകുന്നു. ട്രെയിനിംഗ് പ്രോഗ്രാം ടി ദിവസങ്ങളിൽ രാവിലെ 9.30 - ക്ക് ആരംഭിക്കുന്നതായിരിക്കും

ഒപ്പ്/-

ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ
(ഇൻ ചാർജ്ജ്)

പകർപ്പ്:-

1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2) സൂപ്രണ്ട് എ, ബി,സി, ജെ, കെ //അംഗീകാരത്തോടെ//
3) സിസ്റ്റം മാനേജർ.
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
4) സ്റ്റോക്ക് ഫയൽ/ കറണ്ട് ഫയൽ.

സൂപ്രണ്ട്

312108 GOVERNMENT OF KERALA 2017-18